13 ജൂൺ 2019

കുടുംബശ്രീ
# പ്രതിധ്വനി

KUDUMBASHREE
www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 30

## പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ
# ന്യായവിലയ്ക്ക് ശുദ്ധജലം ഉറപ്പ്

- കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആർഒ പ്ലാന്റിന് തുടക്കം
- 20 ലിറ്റർ ശുദ്ധജലത്തിന് 30 രൂപ മാത്രം

**വ**ർഷം മുഴുവനും ശുദ്ധജലം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പയ്യന്നൂർ മുനിസിപ്പാലിറ്റി ഓഫീസ് പരിസരത്ത് ആർഒ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചു. സി. കൃഷ്ണൻ എംഎൽഎ ആർഒ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹരികിഷോർ ഐഎഎസ് മുഖ്യാതിഥി ആയിരുന്നു. കുടുംബശ്രീ അംഗങ്ങളായ ദിവ്യ, ലീന, കെ. പ്രസീദ, നന്ദ സുരേന്ദ്രൻ എന്നിവരടങ്ങുന്ന യൂണിറ്റാണ് ശീതളം എന്ന് പേരിട്ടിരിക്കുന്ന പ്ലാന്റിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്. കുടിവെള്ളം ആവശ്യക്കാർക്ക് എത്തിച്ച് നൽകുന്ന ചുമതലയും ഇവർ നിർവ്വഹിക്കും.

ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായാണ്, കുപ്പികളിൽ കുടിവെള്ളം ലഭ്യമാക്കുന്ന റിവേഴ്സ് ഓസ്മോസിസ് (ആർഒ) പ്ലാന്റ് എന്ന കുടുംബശ്രീയുടെ ആശയം ന്യൂഡൽഹിയിലുള്ള ധർണ്ണ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹായ സഹകരണത്തോടെ പ്രാവർത്തികമാക്കിയത്. 20 ലിറ്റർ ശുദ്ധജലത്തിന് 30 രൂപ അടച്ചാൽ മതിയാകും. മണിക്കൂറിൽ 500 ലിറ്റർ ജലം എന്ന തോതിൽ ജലം ശുദ്ധീകരിക്കാൻ പ്ലാന്റ് വഴി കഴിയും. റിവേഴ്സ് ഓസ്മോസിസ് ടെക്നോളജി ഉപയോഗിച്ച് ശുദ്ധീകരിക്കുന്ന ജലം പിന്നീട് അൾട്രാ വയലറ്റ് രശ്മികളിലൂടെ വീണ്ടും ശുദ്ധീകരിക്കുകയും അതുവഴി ജലത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുകയും ചെയ്യും.

ണ മുഴുവൻ പദ്ധതിക്കുമായി 12,75,000 രൂപ ചിലവായതിൽ 637,500 രൂപ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കും ശേഷിച്ച 6,37,500 രൂപ കുടുംബശ്രീ അംഗങ്ങൾ വായ്പ്പയായി എടുത്തതുമാണ്.

ആർഒ പ്ലാന്റിന്റെ പ്രവർത്തനം അടുത്ത തലത്തിലേക്ക് എത്തിക്കാനുള്ള പദ്ധതികളും ആരംഭിച്ചു കഴിഞ്ഞു. ഒരു രൂപയ്ക്ക് ഒരു ലിറ്റർ ശുദ്ധജലം ലഭിക്കുന്ന വാട്ടർ വെൻഡിങ് മെഷീൻ ഉടൻ തന്നെ ആരംഭിക്കും.



*പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ ആർഒ പ്ലാന്റിന്റെ ഉദ്ഘാടനം സി. കൃഷ്ണൻ എംഎൽഎ നിർവ്വഹിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് ഉൾപ്പെടെയുള്ളവർ സമീപം.*



## വേറിട്ട അനുഭവമേകി
# ആലപ്പുഴയുടെ 'അ'സമയത്ത്

**ആ**ലപ്പുഴയിലെ വനിതകൾക്ക് വേറിട്ട അനുഭവമേകി ജില്ലാ മിഷൻ സംഘടിപ്പിച്ച 'അസമയത്ത്' സ്ത്രീപക്ഷ പരിപാടി ശ്രദ്ധേയമായി. രാവുകൾ ഞങ്ങളുടേത് കൂടിയാണ് എന്ന മുദ്രാവാക്യമുയർത്തിയാണ് മേയ് 28ന് രാത്രി മുതൽ പിറ്റേന്ന് പുലർച്ചെ അഞ്ച് വരെയുള്ള സമയത്ത് 300 ഓളം സ്ത്രീകൾ പരിപാടിയുടെ ഭാഗമായി ഒത്തുചേർന്നത്. നഗരവും തെരുവോരവും രാത്രിയിലും തങ്ങളുടേത് കൂടിയാണെന്ന് ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു അവർ. അങ്ങനെ സ്വാതന്ത്ര്യമെന്നതിന് പുതിയൊരു മാനവും നൽകി. പരിപാടിക്ക് പിന്തുണയുമായി കുടുംബസമേതവും നിരവധി ആളുകളെത്തിയിരുന്നു.

മേയ് 28ന് വൈകിട്ട് നഗരചത്വരത്തിൽ ഓപ്പൺ ഫോറത്തോടെയായിരുന്നു പരിപാടിയുടെ തുടക്കം. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മണി വിശ്വനാഥ്, സൈറു ഫിലിപ്പ്, ഗീത തങ്കമണി, അഡ്വ. രാജശ്രീ എന്നിവർ സംസാരിച്ചു. പിന്നീട് ഏവരുമൊന്നിച്ച് കൈരളി തിയേറ്ററിലെത്തി 'ഉയരെ' എന്ന സിനിമയും കണ്ടു. സിനിമയുടെ സംവിധായകൻ മനു അശോക് ഉൾപ്പെടെയുള്ളവർ ഇവരുമായി സംവദിച്ചു. പിന്നീട് ചെറു സംഘങ്ങളായി തിരിഞ്ഞ് വിവിധ വഴികളിലൂടെ ആലപ്പുഴ ബീച്ചിലേക്ക് രാത്രി 1.2.30 ഓടെ നടന്നെത്തി. രംഗശ്രീ നാടകസംഘം 'പെണ്ണൊരുമ്പെട്ടാൽ' എന്ന പേരിൽ നാടകവും നടത്തി. പിന്നീട് ബീച്ചിൽ ഒരു കൂട്ടായ്മ നാടൻ പാട്ടും ഫുട്ബോൾ മത്സരവും സംഘടിപ്പിച്ചു. രാവിലെ അഞ്ച് മണിയോടെ പരിപാടി അവസാനിച്ചു. സ്ത്രീപക്ഷ പരിപാടികളിൽ വ്യത്യസ്തമായ അനുഭവമായി തീർന്നു ആലപ്പുഴയുടെ ഈ സ്ത്രീ മുന്നേറ്റം.

# പ്രഥമ 'മിൽക്കി ലാറ്റെ' വിപണനകേന്ദ്രം കോട്ടയത്ത്

**പാ**ലും പാലുൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ഒരുമിച്ച് വിപണിയിലെത്തിക്കുന്നതിനായി കുടുംബശ്രീ തുടക്കമിട്ട മിൽക്കി ലാറ്റെ ബ്രാൻഡിന്റെ പ്രഥമ വിപണന കേന്ദ്രത്തിന് കോട്ടയത്ത് തുടക്കം. ചങ്ങനാശ്ശേരി- മധുര റോഡിൽ കാനം ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന മിൽക്കി ലാറ്റേ വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം കങ്ങഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബി. പ്രദീപ് കുമാർ നിർവ്വഹിച്ചു.

പാൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ തൈര്, നെയ്യ്, പേട, പനീർ, കേക്ക്, ഐസ്ക്രീം, സിപ്-അപ് എന്നിവ ഈ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്. കൂടാതെ ഈ പ്രദേശത്തുള്ള എല്ലാ ബേക്കറികളിലും മിൽക്കി ലാറ്റേയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ലഭ്യമാക്കും. കങ്ങഴ സിഡിഎസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിപണനകേന്ദ്രം ഇതിനോടകം ജനശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മിൽക്കി ലാറ്റെ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള തയാറെടുപ്പിലാണ് കുടുംബശ്രീ. ഇത്തരം വിപണന കേന്ദ്രങ്ങളിലൂടെ കുടുംബശ്രീ ക്ഷീര ഉൽപ്പന്ന വിഭാഗം മേഖലയിൽ വിജയമുദ്ര പതിപ്പിക്കാൻ ലക്ഷ്യമിടുന്നു.




*കോട്ടയത്ത് പ്രവർത്തനം ആരംഭിച്ച മിൽക്കി ലാറ്റെ വിപണന കേന്ദ്രം.*

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Vargheese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com